


സൗത്ത് കൊറിയ (സോൾ)യിൽ നടന്ന ഇസ്രയേൽവിരുദ്ധ റാലി

ലേഖനം

താരിഖ് അലി

# ഗസ്സയുടെ വെണ്ണീറിൽനിന്ന്

**നെവെ** ഗോർഡൻ നിരീക്ഷിച്ചതു പോലെ, ഗസ്സ ആക്രമണം നിലവിൽ ഭരണത്തിലിരിക്കുന്ന പാർട്ടികൾക്ക് വരുന്ന ഇസ്രയേൽ പൊതുതെരഞ്ഞെടുപ്പിലും അധികാരത്തിലേറാൻ വേണ്ടി ആറു മാസം മുമ്പേ ആസൂത്രണം ചെയ്ത് കൃത്യസമയത്ത് പ്രാവർത്തികമാക്കിയ പദ്ധതിയാണ്. ഇസ്രയേലിലെ വലതുപക്ഷവും തീവ്രവലതുപക്ഷവും തമ്മിലുള്ള മനുഷ്യത്വരഹിതമായ മത്സരത്തിൽ കൊല്ലപ്പെടുന്ന ഫലസ്തീനികൾ അവർക്ക് തെരഞ്ഞെടുപ്പ് ചണ്ടികൾ മാത്രം. ഗസ്സ ആക്രമിക്കപ്പെടുമെന്ന് ഉറപ്പുണ്ടായിരുന്ന അമേരിക്കയും യൂറോപ്യൻ യൂനിയൻ സഖ്യകക്ഷികളും 2006-ൽ ലബനാനിന്റെ കാര്യത്തിൽ ചെയ്തതുപോലെ മാറിയിരുന്ന് ആട്ടം കാണുകയാണ്.

വാഷിംഗ്ടൺ എന്നത്തെയും പോലെ ഹമാസ് അനുകൂല ഫലസ്തീനികളെ കുറ്റപ്പെടുത്തുകയാണ്. ഒബാമയാകട്ടെ ബുഷിനോടൊപ്പം ചേർന്ന് അതേ പല്ലവി ആവർത്തിക്കുകയും ചെയ്യുന്നു. യൂറോപ്യൻ രാഷ്ട്രീയക്കാരുടെ വീക്ഷണം ദിനേന കഠിനമാകുന്ന ഉപരോധവും ഗസ്സയിൽ കടന്നുകയറി സാധാരണക്കാർക്ക് നേരെയുള്ള കൈയേറ്റവും (ഇതിന്റെ സത്യസന്ധമായ വിവരണം രക്തം ഉറഞ്ഞുപോകുന്ന രീതിയിൽ *ലണ്ടൻ റിവ്യൂ ഓഫ് ബുക്സിൽ* സാറാ റോയ് എഴുതിയിട്ടുണ്ട്) ഹമാസിന്റെ റോക്കറ്റാക്രമണത്തിനുള്ള മറുപടിയാണെന്നാണ്. അതിനാൽ ഇരുവിഭാഗവും വെടിനിർത്താൻ അവർ ആഹ്വാനം ചെയ്യുന്നു. പക്ഷേ ഒന്നും സംഭവിക്കുന്നില്ല. ഈജിപ്തിലെ കാലഹരണപ്പെട്ട ഹുസ്നി മുബാറക്ക് ഭരണകൂടവും നാറ്റോയുടെ പ്രിയപ്പെട്ട അങ്കാറയിലെ 'ഇസ്‌ലാമിസ്റ്റ്' ഭരണകൂടവും പ്രതീകാത്മക പ്രതിഷേധമായിട്ടെങ്കിലും ഇസ്രയേലിലെ തങ്ങളുടെ അംബാസഡർമാരെ തിരിച്ചുവിളിക്കാൻ സന്നദ്ധമായിട്ടില്ല. പ്രശ്നങ്ങൾ വിലയിരുത്താൻ യു.എൻ യോഗം ചേരണമെന്ന് റഷ്യയോ ചൈനയോ ഇനിയും ആവശ്യപ്പെട്ടിട്ടില്ല. ഔദ്യോഗിക നിസ്സംഗത നിലനിൽക്കുമ്പോൾ തന്നെ അമേരിക്ക തീവ്രവാദത്തിനെതിരെയുള്ള പോരാട്ടത്തിലെ തങ്ങളുടെ സഖ്യകക്ഷികളെന്ന് വിശേഷിപ്പിക്കുന്ന അറബ് നാടുകളിലെ ജനങ്ങൾക്കിടയിൽ പ്രതിഷേധവും രോഷവും ആളിക്കത്തുകയാണ്.

വർത്തമാനകാല ഫലസ്തീൻ ചരിത്രത്തെക്കുറിച്ച തന്ത്രപ്രധാന ചോദ്യങ്ങളാണ് ഗാസയിലെ രക്തച്ചൊരിച്ചിൽ ഉയർത്തുന്നത്. അവിടെയൊരു ഫലസ്തീൻ അതോറിറ്റി ഇല്ലെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരിക്കലും അങ്ങനെയൊന്ന് ഉണ്ടായിട്ടുമില്ല. ഓസ്‌ലോ കരാർ ഉണങ്ങാത്ത മുറിവുകൾ മാത്രമാണ് ഫലസ്തീൻ ജനതക്ക് നൽകിയത്. വേട്ടപ്പട്ടിയുടെ സ്ഥിരനിരീക്ഷണത്തിൽ പരസ്പര ബന്ധമില്ലാത്ത ഇടുങ്ങിയ അനേകം ചേരികൾ മാത്രമാണ് ഇതു മൂലം സൃഷ്ടിക്കപ്പെട്ടത്. ഒരിക്കൽ ഫലസ്തീൻ ജനതയുടെ ആശയും പ്രതീക്ഷയുമായിരുന്ന പി.എൽ.ഒ യൂറോപ്യൻ യൂനിയന്റെ ചില്ലിക്കാശിന് വേണ്ടി കേഴുന്ന സംഘടനയായി അധഃപതിച്ചു.

ജനാധിപത്യത്തിന് വേണ്ടിയുള്ള പാശ്ചാത്യ ആഹ്വാനങ്ങൾ, തങ്ങളെ എതിർക്കുന്നവർ തെരഞ്ഞെടുക്കപ്പെടുന്നതോടെ അവസാനിക്കുന്നു. ഫതഹിന്റെ വിജയത്തിന് വേണ്ടി ഇസ്രയേലും പാശ്ചാത്യ ഭരണകൂടങ്ങളും കഴിയുന്നതൊക്കെ ചെയ്തു. 'അന്താരാഷ്ട്ര സമൂഹ'ത്തിന്റെ യോജിച്ച ഭീഷണികളും കൈക്കൂ

ലിയും ഫലസ്തീൻ വോട്ടർമാർ തള്ളിക്കളഞ്ഞു. ഹമാസ് പ്രവർത്തകരെയും നേതാക്കളെയും നിരന്തരമായി ഇസ്രയേൽ പ്രതിരോധസേന പിടിച്ചുകൊണ്ട് പോയി. അവരുടെ പോസ്റ്ററുകൾ പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്തു. അമേരിക്കൻ-യൂറോപ്യൻ പണം ഫതഹ് ഇലക്ഷൻ ഫണ്ടിലേക്കൊഴുകി. ചില അമേരിക്കൻ കോൺഗ്രസ് അംഗങ്ങൾ ഹമാസിനെ അധികാരത്തിലേറാൻ അനുവദിക്കുകയില്ലെന്ന് വരെ പ്രഖ്യാപിച്ചു.

തെരഞ്ഞെടുപ്പ് സമയക്രമം പോലും ഫതഹിന് വേണ്ടി ക്രമീകരിച്ചു. 2005 വേനലിൽ നിശ്ചയിച്ചിരുന്ന തെരഞ്ഞെടുപ്പ് അബ്ബാസിന് 'സ്വത്തുക്കൾ' ഗസ്സയിൽ വിതരണം ചെയ്യുന്നതിന് വേണ്ടി 2006 ജനുവരിയിലേക്ക് മാറ്റി. ഈജിപ്ഷ്യൻ രഹസ്യാന്വേഷണ മേധാവിയുടെ വാക്കുകളിൽ, "അങ്ങനെ ഹമാസിനെതിരിൽ ജനങ്ങൾ അതോറിറ്റിക്ക് വോട്ടു ചെയ്യും".

അഴിമതിയും, സ്വജനപക്ഷപാതവും ഭീഷണികളും നിറഞ്ഞ പത്ത്  വർഷം നീണ്ട ഫതഹ് ഭരണത്തെ തുടച്ച് നീക്കാനുള്ള ജനങ്ങളുടെ ഇഛാശക്തി ഇതിനെയെല്ലാം കവച്ചുവെക്കുന്നതായിരുന്നു. എന്നാൽ ഹമാസിന്റെ ഇലക്ഷൻ വിജയം ഫണ്ടമെന്റലിസത്തിന്റെ ഉദയത്തിന്റെ അശുഭസൂചകമായും ഇസ്രയേലുമായുള്ള സമാധാനത്തിന് ഭീഷണിയുമായാണ് അറ്റ്ലാന്റിക് മേഖലക്ക് ചുറ്റുമുള്ള ലോകത്തെ പത്രപ്രവർത്തകരും ഭരണാധികാരികളും കണ്ടത്. തങ്ങൾ ആരെ എതിർത്താണോ ഭരണത്തിലേറിയത് അവരുടെ നയപരിപാടികൾ പിന്തുടരാനാവശ്യപ്പെട്ടുകൊണ്ട് വളരെ പെട്ടെന്ന് തന്നെ സാമ്പത്തിക-നയതന്ത്ര സമ്മർദങ്ങൾ ഹമാസിന് മേലുണ്ടായി. ഫലസ്തീൻ അതോറിറ്റിയുടെ ആർത്തിക്കും ആശ്രിതത്വത്തിനുമെതിരെ, പാശ്ചാത്യ-സയണിസ്റ്റ് ഭരണകൂടങ്ങൾക്ക് പാദസേവ ചെയ്ത് സമ്പന്നരായ അവരുടെ വക്താക്കൾക്കും പോലീസുകാർക്കുമെതിരെ, ഫലസ്തീനികൾക്ക് ദുരിതങ്ങളും നഷ്ടങ്ങളും മാത്രം നൽകിയ 'സമാധാന ഉടമ്പടികൾ'ക്കുമെതിരെ ഒരു വിട്ടുവീഴ്ചക്കും ഹമാസ് തയാറായില്ല. ഹമാസ് അവർക്ക് ലളിതമായ ബദൽ നൽകി. ശത്രുക്കളുടെ സഹായങ്ങൾ സ്വീകരിക്കാതെ പാവപ്പെട്ടവർക്ക് ആശുപത്രികളും ക്ലിനിക്കുകളും വിദ്യാലയങ്ങളും ക്ഷേമ-തൊഴിൽ കേന്ദ്രങ്ങളും ആരംഭിച്ചു. ലളിത ജീവിതം നയിച്ച ഹമാസ് നേതാക്കൾ ജനങ്ങൾക്ക് എപ്പോഴും ആശ്രയിക്കാവുന്ന തരത്തിൽ അവരുടെ കൂടെയുണ്ടായിരുന്നു.

ഖുർആൻ പാരായണം ചെയ്യുന്നതുകൊണ്ട് മാത്രമായിരുന്നില്ല ഹമാസിന്റെ സ്വാധീനം ജനങ്ങൾക്കിടയിൽ വർധിച്ചത്. മറിച്ച് അവരുടെ ദൈനംദിന പ്രശ്നങ്ങളിൽ വരെ ഇടപെടുന്ന ഒരു സംഘടനയായി നിലകൊണ്ടതുകൊണ്ടാണ്. രണ്ടാം ഇൻതിഫാദ ഹമാസിന് എത്രത്തോളം വിശ്വാസ്യത ജനങ്ങൾക്കിടയിൽ നേടിക്കൊടുത്തു എന്നത് അവ്യക്തമാണെങ്കിലും ഫതഹിന്റെ അൽ-അഖ്സ ബ്രിഗേഡ്, ഇസ്‌ലാമിക് ജിഹാദ് എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഹമാസിന്റെ ആക്രമണങ്ങൾക്ക് മാരകമായ പ്രഹരശേഷിയുണ്ടായിരുന്നു. എന്നാൽ ഇസ്രയേൽ പ്രതിരോധ സേനയുടെ ആക്രമണങ്ങളെ അപേക്ഷിച്ച് ഫലസ്തീനിന്റേത് കുന്നിക്കുരുവോളമേ ഉണ്ടായിരുന്നുള്ളു. 2003 തുടക്കത്തിൽ ഹമാസ് ആരംഭിച്ച് ഉഷ്ണകാലത്തും തുടർന്ന ഏകപക്ഷീയ വെടിനിർത്തൽ (ഇടക്കിടക്ക് ഇസ്രയേൽ ടാങ്കുകളുടെ റെയ്ഡും കൂട്ട അറസ്റ്റും പതിവായിരുന്നു, 300 ഹമാസ് പ്രവർത്തകരെയായിരുന്നു വെസ്റ്റ് ബാങ്കിൽ നിന്ന് പിടിച്ചുകൊണ്ട് പോയത്) കാലയളവ് ഈ പൊരുത്തക്കേട് നഗ്നമായി വിളിച്ചോതുന്നു.

2003 ആഗസ്റ്റ് 19-ന് ഹെബ്രോണിൽ നിന്നുള്ള ഹമാസ് പ്രവർത്തകരെന്നവകാശപ്പെടുന്ന, എന്നാൽ ഔദ്യോഗിക നേതൃത്വം നിരാകരിച്ച കുറച്ചാളുകൾ പടിഞ്ഞാറൻ ജെറൂസലമിൽ ഒരു ബസ് കത്തിച്ചു. ഇസ്രയേൽ ഉടൻ തന്നെ വെടിനിർത്തൽ മധ്യസ്ഥനായിരുന്ന ഇസ്മാഈൽ അബൂ ഷനബിനെ കൊലപ്പെടുത്തി. ഈ ക്രൂരകൃത്യത്തിനെതിരെ ഹമാസും തിരിച്ചടിച്ചു. ഇതിനെത്തുടർന്ന് ഫലസ്തീൻ അതോറിറ്റിയും അറബ് രാഷ്ട്രങ്ങളും ഹമാസിനുള്ള ഫണ്ട് വെട്ടിക്കുറച്ചു. സെപ്റ്റംബർ 2003 ന് യൂറോപ്യൻ യൂനിയൻ ഹമാസിനെ ഭീകരസംഘടനയായി പ്രഖ്യാപിച്ചു. തെൽഅവീവിന്റെ ദീർഘകാലത്തെ ആഗ്രഹം അങ്ങനെ സഫലമായി.

ആയുധ ശക്തിയിൽ താരതമ്യങ്ങൾക്കതീതമായ ശത്രുവിൽ നിന്ന് ഹമാസിനെ വ്യതിരിക്തമാക്കുന്നത് അതിന്റെ ആത്മഹത്യാ സ്ക്വാഡുകളായിരുന്നില്ല; മറിച്ച് ഉത്കൃഷ്ടമായ ശിക്ഷണങ്ങളായിരുന്നു. ആത്മനിയന്ത്രണത്താൽ നേടിയെടുത്ത പ്രവർത്തകരുടെ സ്വഭാവസവിശേഷതകൾ മൂലമാണ് ഇത്രയൊക്കെ പ്രകോപനങ്ങളുണ്ടായിട്ടും ഒരു വർഷത്തോളം വെടിനിർത്തൽ തുടർന്നു കൊണ്ടുപോകാൻ ഹമാസിന് കഴിഞ്ഞത്. മറുവശത്ത് യൂറോ-അമേരിക്കൻ കാപട്യങ്ങൾ വെളിപ്പെടുകയായിരുന്നു. തങ്ങൾ ആഹ്വാനം ചെയ്യുന്നതല്ല അവർ പ്രാവർത്തികമാക്കിയത്. അത്യാധുനിക ജെറ്റുകളും ടാങ്കുകളും മിസൈലുകളും ഉപയോഗിച്ച്  ആധുനിക ചരിത്രം കണ്ട ഏറ്റവും നീണ്ട പട്ടാള അടിച്ചമർത്തൽ നടത്തുമ്പോൾ ഇസ്രയേൽ സാധാരണ ജനങ്ങളുടെ ജീവന് യാതൊരു വിലയും കൽപ്പിച്ചില്ല.

"45 വർഷമായി തുടരുന്ന പട്ടാള അടിച്ചമർത്തലിന് വിധേയമായ ഒരു രാജ്യത്തിലെ ജനങ്ങൾ അധിനിവേശ സേനക്ക് നേരെ നടത്തുന്ന കലാപങ്ങൾ തള്ളിക്കളയാനോ വിമർശിക്കാനോ ലോകത്താർക്കും സാധ്യമല്ല." മുൻ ഇസ്രയേൽ മിലിറ്ററി ഇന്റലിജൻസ് മേധാവി ജനറൽ ഷോളോ ഗാട്ടിസ് 1993 ൽ പറഞ്ഞതാണിത്. അമേരിക്കയെയും യൂറോപ്യൻ യൂനിയനെയും സംബന്ധിച്ച് ഹമാസിനെതിരെയുള്ള വിദ്വേഷത്തിന് കാരണം ഓസ്‌ലോ കരാർ അംഗീകരിക്കാത്തതാണ്. അതിന് ശേഷം താബ മുതൽ ജനീവ വരെ നീണ്ട ഓരോ കുരുക്കുകളും ഫലസ്തീൻ ജനതയുടെ ദൈന്യതകൾ ഓർത്ത് ഹമാസ് നിരസിക്കുകയായിരുന്നു. അന്നുമുതൽ പടിഞ്ഞാറ് ഈ പ്രതിരോധം തകർക്കാൻ ശ്രമിക്കുകയാണ്. ഹമാസിനുള്ള ശിക്ഷയായിരുന്നു ഫലസ്തീൻ അതോറിറ്റിക്ക് അനുവദിച്ചു നൽകിയ ഫണ്ട്. കാബൂളിലെ കർസായിയെപ്പോലെ അമേരിക്കയാൽ തെരഞ്ഞെടുക്കപ്പെട്ട അബ്ബാസിന് ഹമാസിനെ എതിർക്കാൻ അധികാരപരിധി വർധിപ്പിച്ചു നൽകി.

തെരഞ്ഞെടുക്കപ്പെട്ട ഫലസ്തീൻ ഭരണകൂടവുമായിട്ടുള്ള ഒത്തുതീർപ്പിന് ഗൗരവപൂർണമായ ഒരു ശ്രമവും ഇതുവരെ നടന്നിട്ടില്ല. പാശ്ചാത്യ സയണിസ്റ്റ് താൽപര്യങ്ങൾക്ക് മുമ്പിൽ ഹമാസ് തങ്ങളെ അടിയറവെക്കുകയില്ലെന്ന് നിസ്സംശയം പറയാമെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ എന്തും സംഭവിക്കാം. ഫലസ്തീൻ ദേശീയതയാണ് ഹമാസിന്റെ ദൗർബല്യം. രണ്ട് വഴികൾ ഹമാസിന് മുമ്പിലുണ്ട്, ഒന്നുകിൽ ഇസ്രയേൽ എന്ന രാജ്യത്തെ പൂർണമായി തള്ളിക്കളയുക, അല്ലെങ്കിൽ വെച്ചുനീട്ടുന്ന വളരെക്കുറഞ്ഞ ഭൂവിഭാഗങ്ങൾ ഇരുകൈയും നീട്ടി സ്വീകരിക്കുക. ചില സന്ദർഭങ്ങളിൽ പൂർണതയിൽനിന്ന് ഒന്നുമില്ലായ്മയിലേക്കുള്ള ദൂരം ചെറുതായിരിക്കും. ഫത്ഹിന്റെ ചരിത്രം ഇത് സാക്ഷ്യപ്പെടുത്തുന്നു.

ഹമാസിനെ സംബന്ധിച്ച് ഇപ്പോഴുള്ള വെല്ലുവിളി പശ്ചാത്യ താൽപര്യങ്ങൾക്കനുസരിച്ച് രാജ്യത്തെ നയിക്കേണ്ടിവ

രുമോ എന്നതല്ല, രാജ്യത്തെ ദുർബലമാക്കുന്ന ഇത്തരം പാരമ്പര്യങ്ങളെ തകർക്കാൻ കഴിയുമോ എന്നതാണ്. ഹമാസ് ഇലക്ഷനിൽ വിജയിച്ച സമയത്ത് ഗസ്സയിൽ വെച്ച് എന്നോട് ഒരു ഫലസ്തീനി ചോദിച്ചു; "ഞങ്ങളുടെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?" "ഫലസ്തീൻ അതോറിറ്റിയെ ഇല്ലാതാക്കും" എന്റെ സ്വപ്നവും മറുപടിയും അതായിരുന്നു. ഫലസ്തീന്റെ ദേശീയ താൽപര്യങ്ങൾ ശരിയായ രീതിയിൽ പുനഃസ്ഥാപിക്കപ്പെടുക അങ്ങനെ ചെയ്യുമ്പോഴാണ്. ആത്മാഭിമാനമുള്ള ഒരു ജനതയും തങ്ങളെ വെട്ടിമുറിച്ച് രണ്ട് അസന്തുലിതമായ ഭാഗങ്ങളാക്കുന്നത് ഇഷ്ടപ്പെടുകയില്ല. ഇതിന് സ്വീകാര്യമായൊരു ബദൽ, ഫലസ്തീനികളെയും ജൂതന്മാരെയും തുല്യരായി പരിഗണിക്കുന്ന ഒറ്റ രാഷ്ട്രമെന്ന സങ്കൽപമാണ്, സയണിസത്തിന്റെ കൈകടത്തലുകളും ബലാൽകാരങ്ങളും ഒരിക്കലും അനുവദിക്കാത്ത ഒരിടം.

ഇസ്രയേലിലെ പൗരന്മാർ ഷേക്സ്പിയറുടെ (വെനീസിലെ വ്യാപാരി) വാക്കുകൾ ഓർമിക്കണം. ഞാനതിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്:

*"ഞാനൊരു ഫലസ്തീൻകാരൻ, എന്റേത് ഫലസ്തീൻ കണ്ണുകളല്ലേ?*
*എന്റെ കൈകളും, മണങ്ങളും കാഴ്ചപ്പാടുകളും ഇഷ്ടങ്ങളും താൽപര്യങ്ങളും അവയവങ്ങളും ഫലസ്തീൻകാരന്റേതല്ലേ?*
*കഴിക്കുന്ന ആഹാരം ഒന്ന്, ഒരേ ആയുധങ്ങൾകൊണ്ട് മുറിവേൽക്കപ്പെടുന്നു, രോഗങ്ങൾക്ക് കീഴ്പെടുന്നത് ഒരു പോലെ.*
*വസന്തകാലത്തും ഉഷ്ണകാലത്തും ഞങ്ങൾ അനുഭവിക്കുന്ന ചൂടും തണുപ്പും*
*-എല്ലാം ഒരു ജൂതന്റേതു പോലെയല്ലേ? നീ ഞങ്ങളെ കുത്തിയാൽ രക്തസ്രാവം ഉണ്ടാകുകയില്ലേ?*
*നീ ഇക്കിളിയാക്കിയാൽ ഞങ്ങൾ ചിരിക്കുകയില്ലേ?*
*നീ വിഷം തന്നാൽ ഞങ്ങൾ മരിക്കുകയില്ലേ?*
*നീ ഞങ്ങളോട് തെറ്റ് ചെയ്താൽ ഞങ്ങൾ പ്രതികാരം ചെയ്യുകയില്ലേ?*
*ഇതുവരെ നാം തുല്യരാണെങ്കിൽ ബാക്കി ഭാഗത്തും.........*
*നീ എന്നെ പഠിപ്പിച്ച ദുഷ്ടത്തരങ്ങൾ ഞാൻ പ്രാവർത്തികമാക്കും.*
*കുറച്ച് ബുദ്ധിമുട്ടിയാണെങ്കിലും പഠിപ്പിച്ചതിനേക്കാൾ 'സുന്ദരമായി'ത്തന്നെ "*

(*ഗാർഡിയൻ* പത്രത്തിലെ കോളമിസ്റ്റും ലെഫ്റ്റ് വ്യൂ പത്രാധിപരുമായ ലേഖകൻ അന്താരാഷ്ട്ര ഇടതുപക്ഷ ചിന്തകരിൽ പ്രമുഖനാണ്)

**പരിഭാഷ: ഉബൈദുർറഹ്മാൻ**